# വ്യാജപ്രവചാകർ, മരത്തിൽ നിന്ന് ഫലത്തെ അറിയാം, കർത്താവേ എന്ന വിളിയല്ല, പാറ മേൽ ഭവനം പണിയുന്നവൻ

**വി. മത്തായി 7/15-27**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

മലയിലെ പ്രസംഗത്തിന്റെ സമാപനമെന്നോണം മൂന്നുകാര്യങ്ങളാണ് യേശു തന്റെ ശിഷ്യരിൽ നിന്നാവശ്യപ്പെടുന്നത്.

1 വ്യാജപ്രവാചകർക്കെതിരെ അവർ ജാഗ്രത പുലർത്തണം
2 കപട ഭക്തരാകരുത്.
3 വചനം പാലിക്കുന്നവരാകണം.

പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സഭാംഗങ്ങൾ 'ഒറിജിനൽ' ആയിരിക്കണം. ജനത്തിനും ദൈവത്തിനും ഇടയിൽ നിന്ന് ദൈവഹിതം ജനത്തെ അറിയിക്കുന്നവനാണ് പ്രവാചകൻ.

## വ്യാജപ്രവാചകർ

പഴയനിയമകാലത്ത് പ്രവാചകന്മാരെ മറ്റുള്ളവരിൽ നിന്ന് തിരിച്ചറിഞ്ഞിരുന്നത് അവരുടെ വസ്ത്രധാരണത്തിലുള്ള പ്രത്യേകത കൊണ്ടായിരുന്നു. അന്നു വളരെ വ്യാജപ്രവാചകരുണ്ടായിരുന്നു. വ്യാജപ്രവാചകന്മാരെ അവരുടെ പ്രബോധനങ്ങളിൽ നിന്ന് തിരിച്ചറിയുക എളുപ്പമല്ല. കാപട്യം മനസ്സിലാക്കുക ശ്രമകരമാണ്. അവരെ തിരിച്ചറിയേണ്ടതു അവരുടെ ജീവിത ശൈലിയിൽ നിന്നാണ്. യേശുവിന്റെ വാക്കുകളിൽ, ഫലങ്ങളിൽ നിന്നവരെ തിരിച്ചറിയണം.

സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി എന്തുചെയ്യാൻ മടിക്കാണിക്കാത്തവരാണ് വ്യാജപ്രവാചകന്മാർ. ഭീഷണിയാകുന്നവരെ ക്രൂശിക്കുന്നവർ. പ്രശംസ ലഭിക്കുന്നതിനു പഠിപ്പിക്കുന്നു. ആത്മാർത്ഥതയുടെ കണികപോലുമില്ലാത്ത ജീവിതം. മനുഷ്യന്റെ ദുർബലവികാരങ്ങൾ തട്ടിയുണർത്തി വഴിപിഴപ്പിക്കുന്നവർ. ഉദരപൂരണം, സ്വന്തം ആശയങ്ങളും അഭിപ്രായങ്ങളും പ്രചരിപ്പിക്കുക, ധനസമ്പാദനം എന്നിവയാണവരുടെ ലക്ഷ്യം. ദൈവവചനം സ്വന്തം ഹിതത്തിനുചേർന്ന വിധം വ്യാഖ്യാനിക്കുന്നു. ആടുകളെ രക്ഷിക്കുകയല്ല (യോഹ. 10/10-11), ഭക്ഷിക്കുകയാണ് ഉദ്ദേശ്യം. ഭാഗ്യത്തിന് ഇവരുടെ പ്രവൃത്തികളിൽ നിന്ന് ഇവരെ തിരിച്ചറിയാനാകും. സനേഹമോ ത്യാഗമോ ഇല്ലാത്തവർ. സ്നേഹത്തിന്റെ സുവർണ്ണനിയമവും ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്ന ജീവിതരീതിയും സാധ്യമല്ലാത്തവർ.

## ചെന്നായും ആടും തമ്മിൽ

ലോകത്തിലെ രണ്ടു തരം മനുഷ്യരുടെ പ്രതീകങ്ങളാണ് ഇവ. ഈ രണ്ടുകൂട്ടരേ ലോകത്തിൽ ഉണ്ടായിട്ടുള്ളു. ഇതിനിടയിലാണ് "വ്യാജൻ" വരുന്നത്. പ്രത്യക്ഷത്തിൽ, ഒറിജിനൽ കുഞ്ഞാട്, സ്വകാര്യതയിൽ കടിച്ചുകീറുന്ന ചെന്നായ്. ചെന്നായും ആടും തമ്മിൽ ശത്രുതയിലാണ്. വ്യാജപ്രവാചകർ അന്ധരായ വഴികാട്ടികളാണ്. ചെന്നായ്ക്കൾ ആടുകൾക്ക് ഭീഷണിയായിരിക്കുന്നതുപോലെ ദുഷ്ടജനങ്ങൾ നീതിമാന്മാർക്ക് ഭീഷണിയാണ്. പ്രഭാ. 13/17 പറയുന്നു, "ചെന്നായ്ക്ക് കുഞ്ഞാടിനോട് എന്തു ചങ്ങാത്തം? പാപിക്കു ദൈവഭക്തനോടും അതിലേറെയില്ല." ചെന്നായ തീരത്തുമേയുന്ന കുഞ്ഞാടിനോടു പറഞ്ഞു, നീ പുഴ കലക്കിയതുകൊണ്ട് നിന്നെ ഞാൻ തിന്നും. തീരത്തു നിൽക്കുന്ന ഞാനെങ്ങനെയാണ് പുഴ കലക്കുന്നത് എന്നായി കുഞ്ഞാട്. നീയല്ലെങ്കിൽ നിന്റെചേട്ടനായിരിക്കും പുഴ കലക്കിയതെന്ന കാരണം പറഞ്ഞ് ചെന്നായ് കുഞ്ഞാടിനെ തിന്നു.

## മനുഷ്യരും മരങ്ങളും

മനുഷ്യരെ മരങ്ങളോട് ഉപമിക്കുന്ന പതിവ് പഴയനിയമത്തിലുണ്ട്. സങ്കീർത്തകൻ 1/3ൽ പാടുന്നു, "അവൻ നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും, ഇല കൊഴിയാത്തതുമായ വൃക്ഷം പോലെയാണ്.""നീതിമാൻ പനപോലെ തഴയ്ക്കും. അവരെ കർത്താവിന്റെ ഭവനത്തിൽ നട്ടിരിക്കുന്നു. വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും." - സങ്കീ. 92/3.

നല്ല ഫലങ്ങളല്ല ആത്യന്തിക ലക്ഷ്യം. നല്ല ഫലങ്ങൾ അടയാളങ്ങളാണ്. വൃക്ഷം നല്ലതാണെന്നതിന്റെ അടയാളം. വചനം ഭക്ഷിച്ച് വചനം ജീവിക്കുന്നവരാകുമ്പോൾ ഫലങ്ങൾ താനെ ഉണ്ടായിക്കൊള്ളും.

## യഥാർത്ഥ പ്രവാചകൻ

സ്വന്തം താല്പരിയങ്ങൾക്കു പ്രാധാന്യം കൊടുക്കാത്തവർ. തിന്മകൾക്കെതിരെ ആഞ്ഞടിക്കുന്നവർ. നീതിനിഷേധിക്കപ്പെട്ടവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നവർ. കരുണ നിറഞ്ഞ ജീവിതം നയിക്കുന്നവർ. ദൈവത്തിനും ജനത്തിനുവേണ്ടിയും എല്ലാം വിട്ടുപേക്ഷിച്ച് വചനം പ്രസംഗിക്കാൻ ഇറങ്ങിത്തിരിച്ചവരാണ്. യേശുവിലുണ്ടായിരുന്ന പ്രവാചകഗുണങ്ങൾ ഇന്ന് ഈ ദൗത്യം ഏറ്റെടുക്കുന്നവരിൽ നിന്ന് ജനം പ്രതീക്ഷിക്കുന്നു.

ഏ.ഡി. 85 നോടടുത്താണ് വി. മത്തായി സുവിശേഷ രചന നടത്തിയത്. അക്കാലത്ത് വ്യാജപ്രവാചകരും സഭയിലുണ്ടായിരുന്നു. അതുകൊണ്ടാണ് വ്യാജപ്രവാചകർക്കെതിരെയുള്ള യേശുവിന്റെ മുന്നറിയിപ്പ് പ്രത്യേകം ഓർത്ത് പ്രധാനവിഷയമായി തന്നെ എഴുതിയിരിക്കുന്നത്.

## അഹംപൂജ

ശിഷ്യൻ ഏൽപിക്കപ്പെടുന്ന ദൗത്യം മറന്ന് അഹംപൂജയുടെ ഭാഗമാകുമ്പോൾ അവനിലെ ചെന്നായ് ഉണരും. കേൾക്കാൻ ഇമ്പമുള്ള സ്വന്തം വ്യാഖ്യാനങ്ങളിൽ യേശു എന്ന് ചേർത്തവൻ കച്ചവടം തുടങ്ങും. കല്ലുവാതിക്കലും, വൈപ്പിനിലും വ്യാജൻ വിതച്ച ദുരന്തം പോലെ അതും ആത്മാക്കളെ വകവരുത്തും. ബൈബിളിലെ വാക്കുകളും വാക്യങ്ങളും ഉദ്ധരിച്ചാണ് മാർക്സിസം തുടങ്ങി പല തീവ്രവാദങ്ങളും ചരിത്രത്തിൽ മുളയെടുത്തത്. സഭയെ അപകടകരമായ വിധം നയിക്കുന്ന ക്രൈസ്തവരെയാണ് ആടിന്റെ  രൂപത്തിൽ വരുന്ന ചെന്നായ്ക്കളായി (അപരൻ) സുവിശേഷം കാണുന്നത്.

“എന്നെ ശരിക്കുമറിയില്ല, എന്റെ തനി നിറം പുറത്തെടുക്കും” എന്നൊക്കെ പറയാറുണ്ടല്ലോ. നാം എന്താണോ അതായിരിക്കുക. നാമാകത്തതും നമുക്കു കഴിയാത്തതും ആകാൻ ശ്രമിച്ചാൽ നമുക്ക് വേഷം മാറേണ്ടിവരും.

നമ്മിലെ ഒറിജിലിനെ നിരന്തരം ശുദ്ധിചെയ്തുകൊണ്ടിരിക്കണം. ദൈവമേ എന്നെ ഞാനാക്കണമെയെന്ന് പ്രാർത്ഥിച്ചാൽ മതി. ആന്തരികഭാവത്തെ പ്രകാശിപ്പിക്കുന്ന പ്രവൃത്തികളാണ് കാപട്യമില്ലാത്ത പ്രവൃത്തികൾ.

## ഡിഡാക്കേ

ഏ.ഡി. 100 ൽ എഴുതപ്പെട്ട ഡിഡാക്കേയിലും വ്യാജപ്രവാചകരെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നുണ്ട്. “സുവിശേഷ പ്രഘോഷണത്തിന് ഇറങ്ങിത്തിരിച്ചിട്ട് രണ്ടിൽ കൂടുതൽ ദിവസം ഒരിടത്തുതന്നെ തങ്ങാൻശ്രമിക്കുന്നവർ, പ്രതിഫലമെന്നോണം ആഹാരമൊഴികെ പണമോ മറ്റോ ആവശ്യപ്പെടുന്നവർ, വചനവിരുദ്ധമായി ജീവിക്കുന്നവർ, തൊഴിലൊന്നും ചെയ്യാതെ ഇത്തിൾക്കണ്ണിയായി കഴിയുന്നവർ ഇവരെല്ലാം വ്യാജപ്രവാചകരാണെ”ന്നു പറയുന്നു.

## കാര്യങ്ങൾ അപകടത്തിൽ

പ്രവചിക്കുന്നതും, പിശാചിനെ ഒഴിപ്പിക്കുന്നതും,അത്ഭുതങ്ങൾ ചെയ്യുന്നതും വിശുദ്ധിയുടെയും ദൈവീകപുരുഷന്റെയും ലക്ഷണമായി ഇന്നും കാണുന്നവരുണ്ട്. ഈ കാഴ്ചപ്പാട് ശരിയല്ലെന്നാണ് യേശു പഠിപ്പിക്കുന്നത്. അത്തരക്കാർ വ്യാജരാണോ എന്നറിയാൻ പ്രവൃത്തികൾ നോക്കാനവിടുന്നാവശ്യപ്പെടുന്നു. വാക്കും പ്രവൃത്തിയും, പ്രാർത്ഥനയും ജീവിതവും, ഭക്തിയും കർമ്മവും തമ്മിൽ അന്തരം വർദ്ധിക്കുമ്പോൾ കാര്യങ്ങൾ അപകടത്തിലാകുന്നു.

കാപട്യം യേശു ഏറ്റവും വെറുത്ത കാര്യങ്ങളിൽ ഒന്നാണ്. ശിഷ്യന്റെ സുതാര്യത കർത്താവ് ഇഷ്ടപ്പെടുന്നു. എല്ലാ പ്രവൃത്തികൾക്കു പിന്നിലും കർത്താവിനോടുള്ള പ്രേമമാണുണ്ടാവേണ്ടത്

## യഥാർത്ഥ ശിഷ്യൻ

കർത്താവേ എന്നു വിളിച്ച് പ്രാർത്ഥിക്കുന്നതിലെ ആവശ്യകത തളിളിപ്പറയുക യല്ല, മറിച്ച് നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ ഫലമുണ്ടാകണമെന്നാണ് ഈശോ പറയുന്നത്. പ്രാർത്ഥനയും പ്രവൃത്തിയും പരസ്പരം യോജിച്ചിരിക്കണം. സ്നേഹ മെന്ന സുവിശേഷ മൂല്യം ആത്മാർത്ഥമായി ജീവിക്കാത്തവനു പ്രവാചകനോ, ശിഷ്യനേ ആയിരിക്കാനാവില്ല. ഇന്നത്തെയും എന്നത്തേയും ലോകത്തിനാവശ്യം മാതൃകാ ജീവിതമാണ്. ക്രൈസ്തവ ജീവിതം ആധികാരികത നിറഞ്ഞ സ്നേഹ സമർപ്പണമാകണം.

പ്രവാചകനും, ശിഷ്യനും വിജയിക്കേണ്ട ഒരു പരീക്ഷയുണ്ട്. ജീവിതത്തിലൂടെ തന്റെ സന്ദേശങ്ങൾക്ക് അവൻ ആധികാരികത നൽകണം. ദൈവത്തിന്റെ ഇഷ്ട ങ്ങളാൽ പുഷ്ടിപ്പെട്ട ഹൃദയങ്ങളിൽ നിന്നാണ് പ്രവൃത്തികൾ ജനിക്കേണ്ടത്.

## കപടഭക്തരാകാതെ നീതിമാന്മാരാകുക

അനീതിയും സ്വാഭീഷ്ടവും നടത്തിയ ശേഷം ഭക്തികൊണ്ട് വെള്ളപൂശുന്നവർ തിരസ്ക്കരിക്കപ്പെടും. “നിങ്ങൾ കരങ്ങൾ ഉയർത്തുമ്പോൾ ഞാൻ നിങ്ങളിൽ നിന്ന് മുഖം മറയ്ക്കും. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല” (ഏശയ്യ 1/15). ദൈവത്തിന്റെ നീരസത്തിനു കാരണം നാമവിടുത്തെ ഇഷ്ടം നിറവേറ്റുന്നില്ല എന്നതാണ്. പുറം നോക്കാതെ ഉള്ളുകൊണ്ട് വിധിക്കുന്നവനാണവിടുന്ന്. “അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം നൽകും” (മത്തായി 16/27)

## നീതി (ദൈവത്തിന്റെ ഇഷ്ടം/ഹിതം) എങ്ങനെ പ്രവർത്തിക്കാം

എങ്ങനെയാണ് നീതി പ്രവർത്തിക്കേണ്ടതെന്ന് ഏശയ്യ (1/16-18) ലും, മത്തായി 25/31-40 ലും യേശു പഠിപ്പിക്കുന്നുണ്ട്. വിശക്കുന്നവന് ആഹാരവും, ദാഹിക്കു ന്നവന് പാനീയവും, പരദേശിക്ക് അഭയവും, നഗ്നന് വസ്ത്രവും, രോഗിക്കും തട വുകാരനും സാന്നിധ്യവും നൽകുക.

## അധരവ്യായാമമായ പ്രാർത്ഥന

കർത്താവേ, കർത്താവേ എന്ന ആവർത്തിച്ചുള്ള വിളി പ്രാർത്ഥനയുടെ തീക്ഷ ണത കാണിക്കുന്നു. ജീവിതവും പ്രാർത്ഥനയും പരസ്പരം ബന്ധപ്പെട്ടതായിരി ക്കണം. ക്രിസ്തീയത അധരവ്യായാമമായി തീരരുത്.

കൂണുപോലെ പൊങ്ങുന്ന ധ്യാനകേന്ദ്രങ്ങൾ, രണ്ടു ധ്യാനംകൂടിയശേഷം വചന പ്രഘോഷണത്തിനിറങ്ങുന്ന പ്രസംഗകർ, ആളാകാൻ ഗുരുസ്ഥാനം കെട്ടുന്നവർ, സ്വന്തം ആശയം വചനപ്രഘോഷണമെന്ന വിധം കച്ചവടം നടത്തുന്നവർ ദൈവ ശബ്ദത്തിനു പകരം സ്വന്തം ശബ്ദം കേൾപ്പിക്കുന്നവരായി തീരുന്നു.

## വചനപാലകരാകുക

ശിഷ്യൻ യേശുവിനെ അനുസരിക്കണം. മഴയിലും, വെള്ളപ്പൊക്കത്തിലും, കൊടുങ്കാറ്റിലും തകരാത്ത പാറമേൽ ഉറപ്പിച്ച വീടുപോലെ അപ്പോഴവൻ നിലനിൽക്കും. "ദുഷ്ടൻ കൊടുങ്കാറ്റിൽ നിലംപതിക്കുന്നു, നീതിമാനോ എന്നേക്കും നിലനിൽക്കും" (സുഭാഷിതങ്ങൾ 10/25) പ്രായോഗികമായ ക്രിസ്തീയതയുടെ ആവശ്യമാണ് ഈശോ പഠിപ്പിക്കുക.

വചനം കേൾക്കുന്നത് വചനം പാലിക്കുന്നതിന് പകരമാകില്ല. നല്ല വാക്കുകൾ നല്ല പ്രവൃത്തികൾക്ക് പകരമാകില്ല. വി. യാക്കോബ് (1 യാക്കോബ് 1/22) എഴുതുന്നു, "നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ, അത് അനുവർത്തിക്കുന്നവരായിരിക്കുവിൻ". യാക്കോബ് 2/14–17 പറയുന്നു, "ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോകുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നെങ്കിൽ എന്തു പ്രയോജനം? പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്."

## ഉറച്ച അടിസ്ഥാനം

വീടിന്റെ നിലനിൽപ് പണിയുന്ന ആളിനെയല്ലാതെ ഉറപ്പുള്ള അടിസ്ഥാനത്തെ ആശ്രയിച്ചിരിക്കുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിലെ ശക്തമായയ മഴയും കാറ്റും പാലസ്തീനയിലെ വീടുകൾക്കു ഭീഷണിയായിരുന്നു. ജോബ് 1/19 വാക്യം ഒരു വീട് വീണ് അനേകം ആളുകൾ മരിക്കുന്നതിനെ വിവരിക്കുന്നു. "മരുഭൂമിയൽ നിന്നു വീശിയ കൊടുങ്കാറ്റ് വീടിന്റെ നാലു മൂലയ്ക്കും അടിച്ചു. അതു തകർന്നുവീണ് ജോബിന്റെ മക്കളെല്ലാം മരിച്ചു."

ദൈവവചനം അനുസരിക്കുന്നതിന്റെയും അനുസരിക്കാത്തതിന്റെയും അവസ്ഥകൾ വിശദീകരിക്കുവാനുള്ള ചിത്രമാണ് ഭവനം പണിതവരുടെ ഉപമകൾ വഴി സുവിശേഷകൻ അവതരിപ്പിക്കുന്നത്. വിശ്വാസജീവിതമാകുന്ന ഭവനത്തിന്റെ അടിസ്ഥാനം ദൈവവചനമാകുന്ന പാറയിലാണ്.

## കലർപ്പില്ലാത്ത പ്രബോധനത്തിന്റെ കാതൽ

കലർപ്പില്ലാത്ത പ്രബോധനത്തിന്റെ കാതൽ അത് പ്രത്യാശയും ദിവ്യമായ ദിശാബോധവും നൽകുന്നതായിരിക്കും. മനുഷ്യന്റെ ഭയവും, അന്ധവിശ്വാസവും വർദ്ധിപ്പിക്കുന്നതായിരിക്കില്ല. കല്പിക്കപ്പെട്ടതെല്ലാം ചെയ്തു കഴിയുമ്പോൾ പ്രയോജനമില്ലാത്ത ദാസനെപോലെ തന്നെതന്നെ അവൻ കരുതും. അനുതാപജന്യമായ പുതുജീവിതദാഹം ഉദിക്കും. ഈ ലക്ഷണങ്ങളിലൂടെ ഒറിജിനലിനെ തിരിച്ചറിയാം.

## നിങ്ങളെന്നോടു പരാതിപ്പെടരുത്

**കർത്താവിങ്ങനെ നമ്മോടു പറയുന്നു;**

**നിങ്ങളെന്നെ ഗുരുവെന്നു വിളിക്കുന്നു, പക്ഷെ അനുസരിക്കുന്നില്ല**
**നിങ്ങളെന്നെ പ്രകാശമെന്നു വിളിക്കുന്നു, പക്ഷെ എന്നെ കാണുന്നില്ല**
**നിങ്ങളെന്നെ വഴിയെന്നു വിളിക്കുന്നു, പക്ഷെ എന്നിലൂടെ നടക്കുന്നില്ല**
**നിങ്ങളെന്നെ ജീവനെന്നു വിളിക്കുന്നു, പക്ഷെ എന്നെ ആഗ്രഹിക്കുന്നില്ല**
**നിങ്ങളെന്നെ ജ്ഞാനമെന്നു വിളിക്കുന്നു, പക്ഷെ എന്നെ അനുഗമിക്കുന്നില്ല**
**നിങ്ങളെന്നെ നീതിയെന്നു വിളിക്കുന്നു, പക്ഷെ എന്നെ സ്നേഹിക്കുന്നില്ല**
**നിങ്ങളെന്നെ ധനവാനെന്നു വിളിക്കുന്നു, പക്ഷെ എന്നോടൊന്നും ചോദിക്കുന്നില്ല**
**നിങ്ങളെന്നെ നിത്യമായതെന്നു വിളിക്കുന്നു, പക്ഷെ എന്നെ അന്വേഷിക്കുന്നില്ല**
**നിങ്ങളെന്നെ ഉദാരവാനെന്നു വിളിക്കുന്നു, പക്ഷെ എന്നെ ആശ്രയിക്കുന്നില്ല**
**നിങ്ങളെന്നെ ശക്തനെന്ന് വിളിക്കുന്നു, പക്ഷെ എന്നെ സേവിക്കുന്നില്ല**
**നിങ്ങളെന്നെ വിധിയാളനെന്നു വിളിക്കുന്നു, പക്ഷെ എന്നെ ഭയക്കുന്നില്ല**
**നിങ്ങളെ ഞാൻ കുറ്റം വിധിച്ചാൽ നിങ്ങളെന്നോട് പരാതിപ്പെടരുത്.**

**അധരം കൊണ്ടു മാത്രമല്ല, ഹൃദയംകൊണ്ടും കർത്താവിന് നാം സമീപസ്ഥരാകണം. "നീ വെറുതെ വിളിച്ചുകൊണ്ടു നടക്കാതെ കാര്യമെന്തെന്നു വച്ചാൽ പറയൂ" എന്നു നാം സംഭാഷണമദ്ധ്യേ ഉപയോഗിക്കാറുണ്ടല്ലോ.**

## പതിഞ്ചാം സങ്കീർത്തനം

**എല്ലാത്തിനും ഫലം തേടി നടക്കുന്ന പലരും ജീവിതത്തിൽ ഫലം നൽകാത്തവരായി നിലനിൽക്കാറുണ്ട്. സത്യത്തിനും, നീതിക്കും വിലയില്ലാത്ത കാലം. ധർമ്മം കൊടുക്കുന്നതിനേക്കാൾ നേർച്ചയിട്ടു ദൈവവുമായി കരാറിലെത്താനാണ് ശ്രമം.**

**പതിഞ്ചാം സങ്കീർത്തനം മറക്കരുത്, "കർത്താവേ ആര് അങ്ങയുടെ കൂടാരത്തിൽ വസിക്കും? നിഷ്കളങ്കനായി ജീവിക്കുകയും, നീതിമാത്രം പ്രവർത്തിക്കുകയും, സത്യം പറയുകയും ചെയ്യുന്നവൻ. പരദൂഷണം പറയുകയോ, സ്നേഹിതനെ ദ്രോഹിക്കുകയോ അയൽക്കാരനെതിരെ അപവാദം പരത്തുകയോ ചെയ്യാത്തവൻ. ദുഷ്ടനെ പരിഹാസ്യനായി കരുതുകയും ദൈവഭക്തനോട് ആദരം കാണിക്കുകയും നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും ചെയ്യുന്നവൻ. കടത്തിനു പലിശ ഈടാക്കുകയോ, നിർദോഷനെതിരെ കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവൻ. ഇങ്ങനെയുള്ളവൻ നിർഭയനായിരിക്കും."**

**നോമ്പ് ദയയുടെയും, കാരുണ്യത്തിന്റെയും ക്ഷമയുടെയും പ്രാർത്ഥനകളുടെയും ഉത്സവകാലമായിത്തീരണം.**

## ഉന്നത ധർമ്മം

പ്രീശരുടെയും നിയമജ്ഞരുടെയും ധർമ്മനിഷ്ഠയേക്കാൾ ഉയർന്ന ധർമ്മനിഷ്ഠ യാണ് ശിഷ്യർക്ക് ആവശ്യമെന്ന് കർത്താവ് പറയുന്നു. ദൈവകൽപനകൾക്കു പിന്നിലുള്ള സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടങ്ങൾക്ക് ചെവികൊടുക്കാത്തവർക്ക് സ്വർഗ്ഗത്തിൽ പ്രവേശനമില്ല. നിയമങ്ങളുടെയും ആചാരങ്ങളുടെയും ആന്തരിക തയിലേക്ക് വളരണം.

## സംഭവം

ഒരു നല്ല ചെറുപ്പക്കാരൻ തിടുക്കത്തിൽ ട്രെയിനിലേക്കു കയറാൻ തുടങ്ങവേ പ്ളാസ്റ്റിക്ക് കിളികളെ വിൽക്കാൻ നടക്കുന്ന പയ്യന്റെ പാത്രത്തിൽ മുട്ടി. കിളി കൾ താഴെ വീണു. ട്രയിൻ യാത്ര മുടങ്ങുമെന്നറിഞ്ഞിട്ടും ആ ചെറുപ്പക്കാരൻ നിലത്തു കുനിഞ്ഞിരുന്ന് കിളികളെ പെറുക്കി ആ പയ്യന്റെ പാത്രത്തിൽ നിരത്തി വച്ചുകൊടുത്തു. ആ പ്രവൃത്തി കണ്ട് അവൻ ചോദിച്ചു താങ്ങൾ ദൈവമാണോ?

മഴപെയ്യാൻ ദേവാലയത്തിൽ എല്ലാവരും ഒരുമിച്ചു കൂടി. ആരും കുടയെടുത്തിരു ന്നില്ല. കാരണം പ്രാർത്ഥന ഫലവത്താകുമോയെന്നാരു കണ്ടു. ഇതാണ് കപടമാ പ്രാർത്ഥന. അധര വ്യായാമം.